## തഅ്‌ലീഖ്, നസ്തഅ്‌ലീഖ്, ദീവാൻ ലിപികൾ

13-ാം നൂറ്റാിൽ പേർഷ്യയിൽ ഉടലെടുത്ത ഒരു പുതിയ അറബി എഴുത്തുരീതിയാണ് തഅ്‌ലീഖ്. കെട്ടിയിട്ടത്, തൂങ്ങിക്കിടക്കുന്നത് എന്നൊക്കെയാണ് ഈ വാക്കിന്റെ അർഥം. ഈ ലിപിയിൽ അക്ഷരങ്ങൾ അന്യോന്യം കോർത്തിട്ട രീതിയിലാണ്. ഓരോ അക്ഷരവും തൂങ്ങിക്കിടക്കുന്ന പ്രതീതിയുാവും. ത്വൗഖി, റുഖ്അഃ, നസ്ഖ് ലിപികൾ ഇതിൽ സംഗമിക്കുന്നു. പഹ്‌ലവി, അവസ്തെ ഭാഷാലിപികൾ ഇതിനെ സ്വാധീനിച്ചിട്ടുന്നൊണ് പാർസീ പണ്ഡിതന്മാരുടെ പക്ഷം. എന്നാൽ ഫിറാമൂസ് എന്ന അധികം അറിയപ്പെടാത്ത ഒരു അറബ് എഴുത്തു രീതിയിൽനിന്നാണ് തഅ്‌ലീഖിന്റെ ഉദ്ഭവമെന്ന് ചില അറബി പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പുസ്തകങ്ങൾ, കത്തുകൾ, ഔദ്യോഗിക രേഖകൾ ഇവ തയ്യാറാക്കുന്നതിന് ഈ ലിപി ഉപയോഗിച്ചിരുന്നു. ഹി. അഞ്ചാം നൂറ്റാു മുതലേ ഇതിന്റെ ആദ്യരൂപങ്ങൾ കാണാമെങ്കിലും വ്യക്തമായി ഉരുത്തിരിഞ്ഞുവന്നത് ഹി. ഏഴാം നൂറ്റാിലാണ്. പിന്നെയും ഒരു നൂറ്റാിന് ശേഷമാണ് വ്യാപകമായി ഉപയോഗിച്ചുതുടങ്ങിയത്.

ഷാ ഇസ്മാഈലിന്റെയും അദ്ദേഹത്തിന്റെ പിൻഗാമി ഷാ ത്വഹ്മാസ്പി(1524-76)ന്റെയും കാലത്താണ് തഅ്‌ലീഖ് ലിപി സ്ഥിരപ്രതിഷ്ഠ നേടിയത്. തഅ്‌ലീഖ് ലിപിയുടെ ഉപയോഗത്തിന് ഈ ഭരണാധികാരികൾ പ്രോത്സാഹനം നൽകി. താജ് സൽമാനി എന്ന പേർഷ്യൻ കൈയെഴുത്തുകലാകാരനാണ് തഅ്‌ലീഖിന്റെ ഉപജ്ഞാതാവെന്നു പറയപ്പെടുന്നു. ഈ ലിപിയുടെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ച കലാകാരനാണ് അബ്ദുൽ ഹയ്യ് അസ്തറാബാദി. തഅ്‌ലീഖിന്റെ അടിസ്ഥാനനിയമങ്ങൾ ചിട്ടപ്പെടുത്തിയത് അദ്ദേഹമാണ്. അറബികൾക്കിടയിൽ ഈ ലിപിക്കു വലിയ പ്രചാരമുായിരുന്നില്ലെങ്കിലും പേർഷ്യയിലും തുർകിയിലും ഇന്ത്യയിലും ഇതിന് വലിയ സ്വീകാര്യത ലഭിച്ചു. ഹി. എട്ടാം നൂറ്റാിന് ശേഷം ഇതിന്റെ പ്രാധാന്യത്തിനു മങ്ങലേറ്റു.

നസ്ഖ്, തഅ്‌ലീഖ് എന്നിവ ചേർന്നുായതാണ് നസ്തഅ്‌ലീഖ്. തഅ്‌ലീഖിൽനിന്ന് ഉരുത്തിരിഞ്ഞുായ എഴുത്തുരീതിയാണിത്. ഇതിന്റെയും ഉപജ്ഞാതാക്കൾ പേർഷ്യക്കാരാണ്. 15-ാം ശതകത്തിന്റെ ഒടുവിലാണ് ഇതിന്റെ ആരംഭം. അന്നുമുതൽ നസ്തഅ്‌ലീഖ് പേർഷ്യക്കാരുടെ ഔദ്യോഗിക എഴുത്തുശൈലിയായി അംഗീകരിക്കപ്പെടുകയും ചെയ്തു. അതിനു ശേഷം തഅ്‌ലീഖ് വിശേഷാൽ സന്ദർഭങ്ങളിൽ അലങ്കാരത്തിനുപയോഗിക്കുന്ന ലിപി മാത്രമായി ചുരുങ്ങി. മീർ അലി സുൽത്വാൻ അത്തിബ്‌രീസി(മ. 1416)യാണ് നസ്തഅ്‌ലീഖിന്റെ ഉപജ്ഞാതാവ്. അതിന്റെ സങ്കീർണമായ നിയമങ്ങൾ ആവിഷ്‌കരിച്ചതും അദ്ദേഹമാണ്. പറക്കുന്ന പക്ഷിയുടെ ചലനത്തെ ഓർമിപ്പിക്കുന്നതാണ് നസ്തഅ്‌ലീഖ് ലിപിയിലെ അക്ഷര വ്യത്യാസം. 'ശ', 'സ' അക്ഷരങ്ങളിൽ പല്ലുകളുടെ അഭാവം, ചേർത്തെഴുതാത്ത അക്ഷരങ്ങളുടെ നേർത്ത അറ്റങ്ങൾ, അക്ഷരങ്ങളുടെ താളാനുസൃതമായ ചെരിവ്, കെട്ടുകളുടെ കറുപ്പിക്കൽ ഇവ ഈ എഴുത്തുരീതിയുടെ സവിശേഷതകളാണ്. നീളമുള്ള അക്ഷരങ്ങളുടെ നീളത്തിനാനുപാതികമാണ് വട്ടത്തിലുള്ള അക്ഷരങ്ങളുടെ വട്ടം എന്നതും ഇതിന്റെ പ്രത്യേകതകളിൽ പെടുന്നു.

ത്വഹ്മാസ്പിന്റെ ഭരണകാലത്ത് (1524-76) നസ്തഅ്‌ലീഖ് പേർഷ്യയിലെ ഔദ്യോഗിക ലിപിയായി അംഗീകരിക്കപ്പെട്ടു. ക്ലാസ്സിക്കുകൾ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളും ഔദ്യോഗിക രേഖകളും ഈ ലിപിയിൽ എഴുതിത്തുടങ്ങി. എന്നാൽ ഖുർആൻ പകർത്തുന്നതിന് നസ്തഅ്‌ലീഖ് ഉപയോഗിച്ചുതുടങ്ങിയത് പിന്നീടാണ്. 1539-ൽ ഷാ ത്വഹ്മാസ്പിനു വേി പ്രസിദ്ധ കൈയെഴുത്തു കലാകാരൻ ഷാ മഹ്മൂദ് നൈസാബൂരി തയ്യാറാക്കിയ നസ്തഅ്‌ലീഖ് ലിപിയിലുള്ള ഖുർആൻ കൈയെഴുത്തു പ്രതി പ്രസ്തുത ലിപിയുടെ മനോഹാരിതക്കു തെളിവായി ശേഷിക്കുന്നു. നസ്തഅ്‌ലീഖ് ലിപിയിലുള്ള അനേകം കലാപരമായ എഴുത്തുകൾ നമുക്കു ലഭിച്ചിട്ടു്. അബ്ദുർറഹ്മാനിൽ ഖ്വാരിസ്മി, അദ്ദേഹത്തിന്റെ പുത്രൻമാരായ അബ്ദുർറഹ്മാൻ അനീസി, അബ്ദുൽ കരീം പാദ്ഷാ എന്നിവർ ഈ ലിപിയുപയോഗിച്ചുള്ള കലയിലെ മഹാരഥൻമാരായി സ്മരിക്കപ്പെടുന്നു. ഷാ അബ്ബാസിന്റെ ഭരണകാലത്തും നസ്തഅ്‌ലീഖ് ലിപിക്കു ഗണ്യമായ നേട്ടങ്ങളുായി. അക്കാലത്തെ പ്രശസ്തരായ കലിഗ്രഫി വിദഗ്ധരാണ് ഖാസിം ശാദി, ഷാ കബീർ, കമാലുദ്ദീൻ ഹീറാതി, ഗിയാഥുദ്ദീൻ ഇസ്ഫഹാനി തുടങ്ങിയവർ.

മുസ്‌ലിംലോകത്ത് വൻപ്രചാരം നേടിയ മറ്റൊരു എഴുത്തുരീതിയാണ് ദീവാനി. ഹിജ്റ ഒമ്പതാം നൂറ്റാിന്റെ ഒടുവിൽ ഉഥ്മാനീ ഖലീഫഃമാരുടെ ഭരണകാലത്തെ തുർകി കൈയെഴുത്തു കലാകാരന്മാരാണ് ദീവാനിയെ ജനകീയമാക്കിയത്. ഇബ്റാഹീം മുനീഫ് ആണ് തുർകി തഅ്‌ലീഖിൽ നിന്ന് ഈ ലിപി വികസിപ്പിച്ചെടുത്തത്. പിന്നീട് ശൈഖ് ഹംദുല്ലാ ഇതിനെ സമ്പുഷ്ടമാക്കി. വളരെയധികം വളവുള്ളതാണ് ദീവാനി അക്ഷരങ്ങൾ. അക്ഷരാന്ത്യങ്ങൾക്ക് ദൈർഘ്യമേറും. സ്വരചിഹ്നങ്ങളില്ല. അക്ഷരങ്ങൾക്ക് നല്ല ഒഴുക്ക് അനുഭവപ്പെടും. അക്ഷരങ്ങളെ പരസ്പരം ചേർക്കുന്നതിൽ സാമ്പ്രദായിക തത്ത്വങ്ങൾ പാലിച്ചിരുന്നില്ല. ദീവാനിക്ക് 'ദീവാനി ജലി' അഥവാ ഹുമായൂനി എന്നറിയപ്പെട്ട ഒരലംകൃത രൂപവും ഉായിരുന്നു. ഔദ്യോഗിക രേഖകൾ, വിളംബരങ്ങൾ, ഔദ്യോഗിക മുദ്ര ഇവക്കാണ് ദീവാനി ലിപി ഉപയോഗിച്ചിരുന്നത്. അലങ്കാരത്തിനും ഇവ ഉപയോഗിച്ചിരുന്നു. ഖുർആൻ പകർത്തുന്നതിന് ഈ ലിപി പൊതുവെ ഉപയോഗിച്ചിരുന്നില്ല.